മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)
മൂന്നാം ഫ്ലോർ, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോംപൗണ്ട്,
തിരുവനന്തപുരം -33
ഫോൺ: 0471-2313385, 1800 425 1004 (Helpline),ഫാക്സ്: 0471-2312385
ഇ-മെയിൽ: mgnrega.kerala@gov.in, mgnregakerala@gmail.com

നം.NREGA/740/2022-B1 തിയതി : 26/07/2022

## സർക്കുലർ

സർ,

വിഷയം: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി – വയോജനങ്ങൾക്ക് തൊഴിലും മറ്റാനുകൂല്യങ്ങളും അനുവദിക്കുന്നതിൽ പ്രത്യേക പരിഗണന നല്കുന്നത് - സംബന്ധിച്ച്

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഒരു അവകാശാധിഷ്ഠിത നിയമമാണ്. ഗ്രാമപ്രദേശത്ത് അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും അവർ ആവശ്യപ്പെടുന്ന പക്ഷം ഒരു സാമ്പത്തിക വർഷത്തിൽ 100 തൊഴിൽ ദിനങ്ങൾ ഈ നിയമത്തിലൂടെ ഉറപ്പ് വരുത്തിയിരിക്കുന്നു . കേവലമൊരു തൊഴിൽദാന പദ്ധതിയെന്ന നിലയിൽ നിന്നു വ്യത്യസ്തമായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഇന്നു രാജ്യത്തെ ഏറ്റവും വലിയ സാമൂഹ്യ സുരക്ഷാ പദ്ധതികളിലൊന്നായി മാറിയിട്ടുണ്ട്. വയോജനങ്ങൾ, ഭിന്നശേഷിക്കാർ തുടങ്ങി സമൂഹത്തിൽ അവശതയനുഭവിക്കുന്ന വിവിധ വിഭാഗങ്ങൾ തങ്ങളുടെ ജീവസന്ധാരണത്തിനും സ്വാശ്രിതത്വത്തിനും വേണ്ടി ഇന്നു തൊഴിലുറപ്പ് പദ്ധതിയെ പ്രയോജനപ്പെടുത്തി വരുന്നു.

സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ചെയ്യാനെത്തുന്നവരുടെ 26 ശതമാനത്തിലേറെ തൊഴിലാളികൾ 60 വയസ്സിനു മുകളിൽ പ്രായമുള്ളവരാണ്. 2021-22 സാമ്പത്തിക വർഷം 60 വയസ്സിനും 80 വയസ്സിനുമിടയിൽ പ്രായമുള്ള 4.85 ലക്ഷം തൊഴിലാളികൾ ജോലിക്കെത്തുകയുണ്ടായി. 80 വയസ്സിനു മുകളിൽ പ്രായമുള്ള 10,952 പേരും തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുകയുണ്ടായി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൽ വൃദ്ധർക്കും ഭിന്നശേഷിക്കാർക്കും തൊഴിൽ നല്കുന്നതിന് സവിശേഷമായ പരിഗണന നല്കണമെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് തൊഴിലുറപ്പ് നിയമത്തിലെ പ്രസക്തമായ വ്യവസ്ഥകൾ ചുവടെ പറയുന്നവയാണ്:

ഷെഡ്യൂൾ 1 – ഖണ്ഡിക 9 (1) പ്രകാരം ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി വയ്ക്കുന്ന ഷെൽഫ് ഓഫ് പ്രോജക്ട്സിൽ അവിദഗ്ധ തൊഴിലിന് പ്രാമുഖ്യം ഉള്ളതും വൃദ്ധജനങ്ങൾക്കും ഭിന്നശേഷിക്കാർക്കും ചെയ്യാൻ അനുയോജ്യമായതുമായ ഏറ്റവും കുറഞ്ഞത് ഒരു പൊതു പ്രവൃത്തിയെങ്കിലും തൊഴിലാളികളുടെ ഡിമാൻഡിനനുസരിച്ച് ഏതു സമയത്തും ഏറ്റെടുക്കുവാൻ പാകത്തിൽ തയ്യാറാക്കി ഉൾപ്പെടുത്തിയിരിക്കേണ്ടതാണ്.

ഷെഡ്യൂൾ 1 – ഖണ്ഡിക 18 പ്രകാരം സ്ത്രീകൾ, വൃദ്ധർ, ഭിന്നശേഷിക്കാർ എന്നിവരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ആ വിഭാഗത്തിൽപ്പെട്ടവർക്കു മാത്രമായി പ്രത്യേകം ഷെഡ്യൂൾ ഓഫ് റേറ്റ്സ് തയ്യാറാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഷെഡ്യൂൾ II – ഖണ്ഡിക 1 പ്രകാരം ഒറ്റയ്ക്കു താമസിക്കുന്ന വനിതകൾ , ഭിന്നശേഷി ക്കാർ,

വൃദ്ധർ തുടങ്ങി സാമൂഹ്യ വെല്ലുവിളികൾ നേരിടുന്ന വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിലും, പ്രവൃത്തിയുടെ മൂല്യനിർണ്ണയത്തിലും , പ്രവൃത്തി സ്ഥലത്തെ സൗകര്യങ്ങൾ ഒരുക്കുന്നതിലും പ്രത്യേക സംരക്ഷണവും പരിഗണനയും ലഭിക്കാൻ ഉതകുംവിധം വ്യതിരിക്തമായ നിറത്തിൽ പ്രത്യേക തൊഴിൽക്കാർഡുകൾ നല്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഷെഡ്യൂൾ II – ഖണ്ഡിക 7 പ്രകാരം വെല്ലുവിളികൾ നേരിടുന്ന വിഭാഗങ്ങളുടെ തൊഴിൽ ഡിമാൻഡ് കണ്ടെത്തി ആവശ്യമായ തൊഴിൽ ലഭ്യമാക്കുവാൻ സംസ്ഥാനം മുൻകൈ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

മേല്പറഞ്ഞ സാഹചര്യത്തിൽ സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിൽ 60 വയസ്സിനു മുകളിൽ പ്രായമുള്ള വയോജനങ്ങൾ , ഭിന്നശേഷിക്കാർ തുടങ്ങിയവരുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും അവർക്ക് ആവശ്യമായ പ്രത്യേക ശ്രദ്ധയും പരിചരണവും തൊഴിലിടങ്ങളിൽ ഒരുക്കുന്നതിനും ചുവടെ പറയുന്ന നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുന്നു:

1. എല്ലാ ഗ്രാമ പഞ്ചായത്തുകളും വൃദ്ധർ, ഭിന്നശേഷിക്കാർ എന്നീ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് ഏർപ്പെടാൻ കഴിയുന്ന വിധത്തിലുള്ള അനുയോജ്യമായ പ്രവൃത്തികൾ പ്രത്യേകമായി കണ്ടെത്തി ഷെൽഫ് ഓഫ് പ്രോജക്ട്സിൽ ഉൾപ്പെടുത്തേണ്ടതാണ്.
2. വൃദ്ധർ, ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർ എന്നിവരുടെ തൊഴിൽ ഡിമാൻഡ് കണ്ടെത്താൻ ഗ്രാമപഞ്ചായത്തിൻ്റെ മുൻകൈയിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. 60 വയസ്സിനു മുകളിൽ പ്രായമുള്ളവരും വീട്ടിൽ മറ്റാരും സഹായത്തിനില്ലാത്തവരുമായ ആളുകളെയും വിധവകൾ, മാനസികമായ ഒറ്റപ്പെടൽ അനുഭവിക്കുന്നവർ എന്നിവരേയും കുടുംബശ്രീ അയൽക്കൂട്ട സംവിധാനത്തിൻ്റെ സഹായത്തോടെ കണ്ടെത്തി അവർക്ക് തൊഴിൽ ലഭ്യമാക്കാൻ ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർ എന്നിവർ ശ്രദ്ധിക്കേണ്ടതാണ്.
3. വൃദ്ധർ, ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർ എന്നിവരുടെ തൊഴിൽ ഡിമാൻഡ് കണ്ടെത്താൻ ഇത്തരം വിഭാഗത്തിൽപ്പെട്ടവരുടെ പ്രത്യേക റോസ്ഗാർ ദിനം മൂന്നു മാസത്തിലൊരിക്കലെങ്കിലും സംഘടിപ്പിക്കേണ്ടതാണ്. ഈ യോഗത്തിൽ തൊഴിലിനുള്ള ഡിമാൻഡ് കണ്ടെത്തേണ്ടതാണ്.
4. തൊഴിലിടങ്ങളിൽ നിലവിൽ അവർ നേരിടുന്ന പരിമിതിയും പ്രശ്നങ്ങളും റോസ്ഗാർ ദിനത്തിന്റെ ഭാഗമായുള്ള കൂടിച്ചേരലിൽ ചർച്ച ചെയ്ത് പരിഹാര നിർദ്ദേശങ്ങൾ കണ്ടെത്താൻ ശ്രദ്ധിക്കേണ്ടതാണ്.
5. തൊഴിലിടങ്ങളിൽ പ്രാഥമികമായി ലഭ്യമാക്കേണ്ട കുടിവെള്ളം , തണൽ തുടങ്ങിയവ ഉറപ്പാക്കേണ്ടതാണ്. പ്രാഥമികാവശ്യങ്ങൾക്കായി കക്കൂസ് പ്രയോജനപ്പെടുത്താനുള്ള ക്രമീകരണം തൊഴിലിടത്തിന് സമീപത്തായി ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
6. പൊതുവായ പ്രവൃത്തികളിൽ തൊഴിൽ ചെയ്യാൻ നിയോഗിക്കപ്പെടുന്ന വൃദ്ധർ , ഭിന്നശേഷിക്കാർ എന്നിവർക്ക് കഴിയുന്നതും അവരുടെ ശാരീരിക ശേഷിക്ക് അനുസൃതമായ ഇനം പ്രവൃത്തികൾ ചെയ്യുന്നതിനായി ഏല്പിച്ചു കൊടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
7. വ്യത്യസ്ത തരം ആളുകൾ ജോലി ചെയ്യുന്ന പ്രവൃത്തികളിൽ വൃദ്ധർ , ഭിന്നശേഷിക്കാർ എന്നിവരുടെ വർക്ക് ഔട്ട് ടേൺ കുറവായിരിക്കുമെന്നതിനാൽ അതുകൂടി പരിഹരിക്കുന്ന രീതിയിൽ മറ്റു തൊഴിലാളികൾ ജോലി ചെയ്യേണ്ടുന്നതിൻ്റെ ആവശ്യകത ബോധ്യപ്പെടുത്തേണ്ടതും അപ്രകാരം പ്രവൃത്തിയുടെ ആകെ വർക്ക് ഔട്ട് ടേൺ ഉറപ്പാക്കേണ്ടതുമാണ്.
8. പ്രവൃത്തി സ്ഥലത്ത് വൃദ്ധർ, ഭിന്നശേഷിക്കാർ എന്നിവർക്ക് ആത്മാഭിമാനത്തോടെ

ജോലി ചെയ്യാൻ സഹായകരമാകും വിധം വൈകാരികമായ പിന്തുണയടക്കം സവിശേഷമായ പരിഗണന ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തണം. മുതിർന്ന വ്യക്തികളുടെ അറിവും അനുഭവസമ്പത്തും ശരിയായ അളവിൽ പരിഗണിക്കപ്പെടുന്നത് അവർക്ക് തുടർന്നും തൊഴിലിന് വരുവാൻ പ്രേരണയാകുന്നതും ഒപ്പം തന്നെ മറ്റു തൊഴിലാളികളുടെ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിനും ഏറ്റെടുക്കുന്ന പ്രവൃത്തിയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും സഹായകരമാകും.

9. കാർഷിക- മണ്ണ് - ജലസംരക്ഷണം തുടങ്ങിയ മേഖലകളിൽ മുതിർന്ന തൊഴിലാളികൾക്കുള്ള വൈദഗ്ധ്യം തൊഴിൽ സംഘത്തിലെ മറ്റുള്ളവരിലേക്ക് പകർന്നു നൽകാൻ കഴിയുന്ന തരത്തിൽ തൊഴിൽ നിർവ്വഹണവും തൊഴിൽ വിഭജനവും നടത്താൻ മേറ്റ് മാരെ പ്രാപ്തമാക്കാൻ ശ്രദ്ധിക്കണം. അത്തരം തൊഴിൽ പരിശലനങ്ങളും വൈദഗ്ധ്യ കൈമാറ്റവും പ്രത്യേകമായി ഡോക്യുമെന്റ് ചെയ്യാനും കഴിയണം. അത് സംസ്ഥാനത്തു നിന്നും നൽകുന്ന പ്രത്യേക ഡോക്യുമെന്റേഷൻ ഷീറ്റിൽ വ്യക്തമായി രേഖപ്പെടുത്തി കൈമാറേണ്ടതാണ്.
10. അർഹതയുള്ള വൃദ്ധർ, ഭിന്നശേഷിക്കാർ എന്നിവർക്ക് അവരുടെ ശാരീരിക ക്ഷമതയ്ക്ക് അനുയോജ്യമാകും വിധമുള്ള ഉപജീവന ആസ്തികൾ നല്കുന്നതിന് പ്രത്യേക പരിഗണന നല്കേണ്ടതാണ്.
11. വയോജനങ്ങൾക്കിടയിൽ പ്രമേഹം, രക്തസമ്മർദ്ദം തുടങ്ങിയ അസുഖങ്ങൾ ഉള്ളവർ കൂടുതലായി ഉണ്ടാകുമെന്നതിനാൽ ഇവയ്ക്കുള്ള മരുന്നുകൾ കൂടി പ്രവൃത്തി സ്ഥലത്ത് കരുതേണ്ടതാണ്. കൂടാതെ, പ്രവൃത്തി സ്ഥലത്ത് വച്ച് ഇത്തരം അസുഖലക്ഷണങ്ങൾ ഉണ്ടാകുകയാണെങ്കിൽ ആവശ്യമായ പ്രഥമ ശുശ്രൂഷ നല്കുന്നതിനുള്ള പരിശീലനവും മേറ്റുമാർക്ക് നല്കേണ്ടതാണ് . പണിസ്ഥലത്തിനടുത്തുള്ള ആശുപത്രിയുടെ വിവരങ്ങളും ആംബുലൻസ് /വാഹന സൗകര്യം പെട്ടെന്ന് ലഭ്യമാക്കാനുതകുന്ന ഫോൺ നമ്പർ അടക്കമുള്ള വിവരങ്ങളും മേറ്റിൻ്റെ കൈവശം ഉണ്ടായിരിക്കണം.
12. നിരക്ഷരർ, സ്വന്തമായി ഒപ്പിടാൻ കഴിയാത്തവർ തുടങ്ങിയവർക്ക് തൊഴിൽ സ്ഥലത്തുവച്ച് ഉച്ചഭക്ഷണത്തിൻ്റെ ഇടവേളയിൽ സാക്ഷരതാ ക്ലാസ്സുകൾ സംഘടിപ്പിക്കാവുന്നതാണ്.
13. ഓരോ പഞ്ചായത്തും വയോജനങ്ങൾക്കും - ഭിന്നശേഷി ക്കാർക്കും നൽകുന്ന തൊഴിൽ വിശദാംശം പ്രത്യേകമായി രേഖപെടുത്തി സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്തിലെ വയോജന- ഭിന്നശേഷിക്കാർക്ക് വികസന പദ്ധതി തയ്യാറാക്കുന്ന വർക്കിംഗ് ഗ്രൂപ്പുമായി കൂടിയാലോചിച്ച് തൊഴിലും അനുബന്ധ സൗകര്യങ്ങളും ഉണ്ടാക്കുന്നതിനുള്ള കർമ്മ പരിപാടിക്ക് രൂപം നൽകണം
14. പഞ്ചായത്ത് ക്ഷേമ-വികസന കാര്യ സ്റ്റാന്റിങ് കമ്മിറ്റി അംഗങ്ങൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ഈ സർക്കുലറിനെ അടിസ്ഥാനമാക്കി പ്രത്യേക ഓറിയന്റേഷൻ പരിശീലനം നൽകാൻ ജെപിസി മാർ നടപടി സ്വീകരിക്കേണ്ടതാണ്.

**MISSION DIRECTOR**

**പകർപ്പ് :- എല്ലാ ജോയിൻറ് പോഗ്രാം കോർഡിനേറ്റർമാർക്കും**

**എല്ലാ ബ്ലോക്ക് പ്രോഗ്രാം ഓഫിസർമാർക്കും**

**എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും**